പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4483

26/06/2014 ൽ മറുപടി നൽകിയിരുന്നത്.

## കൊച്ചി താലൂക്കിലെ റീസർവ്വേ ഉദ്യോഗസ്ഥരുടെ തസ്തികകൾ

ചോദ്യം

ശ്രീ. എസ്.ശർമ്മ

കൊച്ചി താലൂക്കിൽപ്പെടുന്ന ഭൂമി റീസർവ്വേ കാര്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ എത്രയെന്നും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയെന്നും വ്യക്തമാക്കാമോ?

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

എറണാകുളം ജില്ലയിൽ ആകെയുള്ള 7 താലൂക്കുകളിൽ മൂവാറ്റുപുഴ താലൂക്ക് ഒഴികെ ബാക്കി 6 താലൂക്കുകളിൽ റീസർവ്വേ നടപടികൾ പുരോഗതിയിലാണ്. തൃക്കാക്കര റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറെയാണ് സർവെ ഉദ്യോഗസ്ഥനായി നിയമിച്ചിരിക്കുന്നത്. ജില്ലയുടെ . മുഴുവൻ താലൂക്കുകളുടെയും റീസർവ്വേ പ്രവർത്തനങ്ങൾക്കായി 93 സർവെയർമാർ, 51 ഡ്രാഫ്റ്റ്സ്മാൻമാർ, 12 ഹെഡ് • സർവെയർ, 6 ഹെഡ് ഡ്രാഫ്റ്റ്സ്മാൻമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ്, 3 സൂപ്രണ്ട് എന്നിവരുൾപ്പെടെ ആകെ 166 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 5 സർവെയർമാരുടെയും 2 ഡ്രാഫ്റ്റ്സ്മാൻമാരുടെയും ഒരു ഹെഡ് സർവെയറുടെയും ഉൾപ്പെടെ ആകെ 8 തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. കൊച്ചി താലൂക്കിലേയ്ക്ക് മാത്രമായി പ്രത്യേകം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ